## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 551 — 05.06.2018 ൽ മറുപടിക്ക്.

### ജി.എസ്.ടി യുടെ അനന്തര ഫലങ്ങൾ

| ചോദ്യം<br>ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ.വി.ആർ. സുനിൽ കുമാർ<br>ശ്രീമതി സി.കെ. ആശ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ജി.എസ്.ടി. നടപ്പിലാക്കിയതിന് ശേഷം സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിൽ വന്ന കാതലായ മാറ്റങ്ങൾ വിശദമാക്കുമോ; | (എ) | ജി.എസ്.ടി ക്ക് മുമ്പ് നിലവിലുണ്ടായിരുന്ന പരോക്ഷ നികുതികളെല്ലാം ഏകീകരിച്ചാണ് ജി.എസ്.ടി നടപ്പിലാക്കിയത്. ഇതിലൂടെ സർവ്വീസ് മേഖലയിൽ നിന്നുള്ള വരുമാനവും സംസ്ഥാനത്തിന് ലഭ്യമാകുന്നുണ്ട്. സാധനങ്ങളുടെ നികുതിയെ സംബന്ധിച്ച് മുമ്പുണ്ടായിരുന്ന മൊത്തം നികുതി നിരക്കിനെക്കാൾ കുറച്ചാണ് ജി.എസ്.ടി യിൽ നികുതി നിരക്ക് തീരുമാനിച്ചിരിക്കുന്നത്. എന്നിരുന്നാലും ജി.എസ്.ടി യിൽ tax net വിപുലമാകുകയും ജി.എസ്.ടി ഘടന നികുതി ചോർച്ചയ്ക്കുള്ള സാധ്യത ഇല്ലാതാക്കുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നതിനാൽ നികുതി വരുമാനം കാലക്രമേണ കൂടും എന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | സംസ്ഥാന നികുതി വ്യവസ്ഥയേയും ഭരണ സംവിധാനത്തെയും ജി.എസ്.ടി. എപ്രകാരം ബാധിച്ചുവെന്ന് അറിയിക്കുമോ; | (ബി) | വാറ്റിൽ നിന്നും വ്യത്യസ്തമായി ജി.എസ്.ടി യിൽ dual taxation system ആണ്. ഇതനുസരിച്ച് ഒരേ സമയം സംസ്ഥാനത്തിനും കേന്ദ്രത്തിനും നികുതി പിരിക്കാൻ അവകാശമുണ്ട്. കേന്ദ്രത്തിന്റെ കൈവശമുണ്ടായിരുന്ന സർവ്വീസ് മേഖലയിലെ നികുതി പിരിവിന് സംസ്ഥാനങ്ങൾക്കും, സംസ്ഥാനങ്ങൾക്ക് അധികാരമുണ്ടായിരുന്ന ചരക്കുകളുടെ നികുതി പിരിക്കുന്നതിന് കേന്ദ്രത്തിനും അധികാരം ലഭിച്ചു. ഇതനുസരിച്ച് ഒന്നരക്കോടിക്കു താഴെ |

| | | | |
|---|---|---|---|
| | | | വിറ്റുവരവുള്ള ഫയലുകൾ 90% സംസ്ഥാനത്തിനും 10% കേന്ദ്രത്തിനും വീതിച്ചു നൽകിയിട്ടുണ്ട്. ഒന്നരക്കോടിക്കു മുകളിൽ വിറ്റുവരവുള്ള ഫയലുകൾ 50% സംസ്ഥാനത്തിനും 50% കേന്ദ്രത്തിനും തുല്യമായി വിഭജിച്ചിട്ടുണ്ട്. ജി.എസ്.ടി യിൽ സംസ്ഥാനത്തിന് മാത്രമായി ഏതെങ്കിലും പ്രത്യേക സാധനങ്ങൾക്കോ സേവനങ്ങൾക്കോ നികുതി കിഴിവോ നികുതി ഒഴിവാക്കലോ ചെയ്യാനാവില്ല. ഇതിന് ജി.എസ്.ടി കൗൺസിലിന്റെ അനുമതി ആവശ്യമാണ്. |
| (സി) | ജി.എസ്.ടി. നിലവിൽ വന്നതിനുശേഷം അന്തർസംസ്ഥാന ചരക്കു നീക്കത്തിൽ വന്ന മാറ്റങ്ങൾ വ്യക്തമാക്കുമോ; | (സി) | ജി.എസ്.ടി നടപ്പിലാക്കിയതിനെത്തുടർന്ന് അന്തർ സംസ്ഥാന ചരക്കു നീക്കങ്ങൾക്ക് ഉൽഭവസ്ഥാന നികുതിയിൽ നിന്ന് പ്രാപ്യസ്ഥാന നികുതിയായി മാറി. ജി.എസ്.ടി നിയമത്തിൽ ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ഇല്ലാതാക്കിയിട്ടുണ്ട്. വാറ്റിൽ നിന്നും വ്യത്യസ്തമായി ജി.എസ്.ടി യിൽ സംസ്ഥാനത്തിന് പുറത്തു നിന്നുള്ള വാങ്ങലുകൾക്കും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭിക്കുന്നു. വാറ്റ് നിയമത്തിൽ അന്തർ സംസ്ഥാന ചരക്ക് നീക്കത്തിന് നിലവിലുണ്ടായിരുന്ന ഡിക്ലറേഷനുകളായ ഫോം 16, ഫോം 8, 8 എഫ് എന്നിവയ്ക്ക് പകരമായി ജി.എസ്.ടിയിൽ ഇ-വേ ബിൽ മാത്രം മതിയാകും. ഇതു കൂടാതെ അന്തർ സംസ്ഥാന ചരക്കു നീക്കങ്ങൾക്കും വിൽപ്പനയ്ക്കും നികുതിയിളവുകൾ ലഭിക്കുന്നതിന്, മുൻപുണ്ടായിരുന്ന നിയമാനുസൃത ഫോറങ്ങൾ ഇല്ലാതായി. ജി.എസ്.ടി യിൽ ഇന്ത്യയൊട്ടാകെ ഒറ്റക്കമ്പോളമായി മാറുകയാണ് ചെയ്തിരിക്കുന്നത്. |
| (ഡി) | അന്തർസംസ്ഥാന ചരക്കു നീക്കം വീക്ഷിക്കുന്നതിനുള്ള ഇ-വേ ബിൽ സമ്പ്രദായം പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (ഡി) | 2018 ഏപ്രിൽ 1 മുതൽ അന്തർ സംസ്ഥാന ചരക്കു നീക്കങ്ങൾക്കും 2018 ഏപ്രിൽ 15 മുതൽ സംസ്ഥാനത്തിനകത്തുള്ള ചരക്കു നീക്കങ്ങൾക്കും ഇ-വേ ബിൽ നിർബന്ധമാക്കിയിട്ടുണ്ട്. ഇ-വേ ബിൽ പരിശോധിക്കുന്നതിന് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നൂതന സാങ്കേതികവിദ്യകളും സർവെയലൻസ് ക്യാമറകളും ഉപയോഗിച്ച് ഇ-വേ ബിൽ |

| | | | |
|---|---|---|---|
| | | | സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ഇ) | നിലവിൽ സംസ്ഥാനത്തേക്ക് കടന്നു വരുന്ന മുഴുവൻ ചരക്കുകളും നികുതി വകുപ്പിന്റെ പരിശോധന പരിധിയിൽ വരുമോയെന്ന് വ്യക്തമാക്കുമോ? | (ഇ) | ജി.എസ്.ടി നിയമപ്രകാരം ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം നിരോധിച്ചിട്ടുണ്ട്. ഇതനുസരിച്ച് അതിർത്തികളിൽ പ്രവർത്തിച്ചിരുന്ന വാണിജ്യ നികുതി വകുപ്പ് ചെക്ക് പോസ്റ്റുകൾ സംസ്ഥാന സർക്കാർ നിർത്തലാക്കിയിട്ടുണ്ട്. സംസ്ഥാനത്തേക്ക് കടന്നുവരുന്ന ചരക്കുകൾ പരിശോധിക്കുന്നതിന് വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇതിനു വേണ്ടി ചെക്ക് പോസ്റ്റുകളിൽ ജോലി ചെയ്തിരുന്ന ഉദ്യോഗസ്ഥരെ പുനർവിന്യാസം നടത്തി ഇന്റലിജൻസ് വിഭാഗം ശക്തിപ്പെടുത്തിയിട്ടുണ്ട്. ഇ-വേ ബിൽ നിർബന്ധമാക്കിയ സാഹചര്യത്തിൽ കൂടുതൽ വാഹനങ്ങൾ പരിശോധിച്ച് ഇ-വേ ബിൽ എടുത്തിട്ടുണ്ടെന്ന് ഉറപ്പു വരുത്തണമെന്ന നിർദ്ദേശം ഇൻലിജൻസ് വിഭാഗത്തിന് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ